LIBRARY ARCHIVES Kerala Legislative Assembly

ആദിവാസി പുനരധിവാസ മേഖലയിലെ ടൂറിസം പദ്ധതി

87(393) ശ്രീ വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വരടിമല പുനരധിവാസ മേഖലയിൽ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; ഇവിടെ ഫാമിംഗ് സൊസൈറ്റി ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ?

പദ്ധതിയില്ല.. സംഘത്തിന്റെ കീഴിലുള്ള ഫാമുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി 21-8-2018-ലെ ജി.ഒ.(ആർ.ടി.) നമ്പർ 978/2018/ പ.ജ.പ.വ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആദിവാസികളുടെ പുനരധിവാസത്തിനും കൃഷിക്കും അനുവദിച്ച ഭൂമിയിൽനിന്ന് അവരെ ഒഴിപ്പിച്ച് പ്രസ്തുത ഭൂമി ടൂറിസം പദ്ധതിക്ക് ഉപയോഗിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്കാർക്ക് കൃഷിയ്ക്കും പുനരധിവാസത്തിനും അനുവദിച്ച ഭൂമിയിൽ നിന്നും അവരെ ഒഴിപ്പിച്ച് ഭൂമി ടൂറിസം പദ്ധതിക്ക് അനുവദിക്കുവാൻ തീരുമാനിച്ചിട്ടില്ല/തീരുമാനിക്കില്ല.

(സി) അട്ടപ്പാടിയിൽ വിദ്യാധിരാജ ട്രസ്റ്റ് ആദിവാസി ഭൂമി കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായം

88 (394) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷ ഓൺലൈൻ വഴി മാത്രമാക്കിയത് പുനഃപരിശോധിക്കുമോ?

പട്ടികജാതി വികസന വകുപ്പിൽ ബഹു. എം.പി.-മാർ, എം.എൽ.എ.- മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ നേരിട്ട് സ്വീകരിക്കുന്ന